മാധ്യമം

08 December 2023

# മീനിനൊപ്പം ചെറുധാന്യ രുചിക്കൂട്ടുകൾ; 'മില്ലറ്റും മീനും' പ്രദർശന–ഭക്ഷ്യമേള കൊച്ചിയിൽ

**കൊച്ചി:** ചെറുധാന്യങ്ങളുടെ (മില്ലറ്റ്) പോഷക-ആരോഗ്യ ഗുണങ്ങൾ പ്രചരിപ്പിക്കാനും മീനിനൊപ്പം പോഷകാഹാരമായി അവയുടെ വൈവിധ്യമായ രുചിക്കൂട്ടുകൾ പൊതുജനങ്ങളെ പരിചയപ്പെടുത്താനുമായി കൊച്ചിയിൽ 'മില്ലറ്റും മീനും' എന്ന പേരിൽ പ്രദർശന-ഭക്ഷ്യമേള സംഘടിപ്പിക്കും. 28 മുതൽ 30 വരെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) മേൽനോട്ടത്തിൽ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് മേള നടത്തുന്നത്.

സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന മേളയിൽ ബയർ-സെല്ലർ സംഗമം, മില്ലറ്റ്-മീൻ ഭക്ഷ്യമേള, കൃഷിചെയ്ത് വിളവെടുത്ത ജീവനുള്ള മീനുകളുടെ വിപണനം, പാചക മത്സരം, സാങ്കേതികവിദ്യാ പ്രദർശനം തുടങ്ങിയവയാണ് പ്രധാനയിനങ്ങൾ. ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കേരള വിപണിയിലേക്ക് ചെറുധാന്യ കർഷകരിൽ നിന്ന് വിതരണ ശൃംഖല ഉണ്ടാക്കിയെടുക്കുകയുമാണ് മേളയുടെ ലക്ഷ്യമെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക്: 9496303457.